"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി - **2024-25** സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തി ഭരണാനുമതി നൽകിയ തുകയിൽ റിലീസ് ചെയ്യുവാൻ ബാക്കി നിൽക്കുന്ന തുകയിൽ നിന്നും **28** കോടി രൂപയ്ക്ക് റിലീസ് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (സി) വകുപ്പ്

സ.ഉ.(സാധാ) നം.270/2025/ID തീയതി,തിരുവനന്തപുരം, 11-03-2025

---

പരാമർശം:-

1. **22/08/2024** തീയതിയിലെ സ.ഉ(സാധാ)നം.**6393/2024**/ധന നമ്പർ സർക്കാർ ഉത്തരവ്
2. **31/08/2024** തീയതിയിലെ സ.ഉ(അച്ചടി)നം.**76/2024**/ധന നമ്പർ സർക്കാർ ഉത്തരവ്
3. **05/09/2024** തീയതിയിലെ സ.ഉ(സാധാ)നം.**828/2024**/വ്യവ നമ്പർ സർക്കാർ ഉത്തരവ്
4. **09/09/2024** തീയതിയിലെ സ.ഉ(സാധാ)നം.**860/2024**/വ്യവ നമ്പർ സർക്കാർ ഉത്തരവ്
5. **09/12/2024** തീയതിയിലെ സ.ഉ(സാധാ)നം.**1155/2024**/വ്യവ നമ്പർ സർക്കാർ ഉത്തരവ്
6. **18/01/2025** തീയതിയിലെ സ.ഉ(സാധാ)നം.**48/2025**/വ്യവ നമ്പർ സർക്കാർ ഉത്തരവ്
7. **28/01/2025** തീയതിയിലെ എച്ച്.എൽ/**863/2024**-സി2 നമ്പർ കത്ത്.

**ഉത്തരവ്**

**2024-25** സാമ്പത്തിക വർഷത്തിൽ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയിൻ കീഴിൽ **2202-01-102-95(02)**(പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള **75** കോടി രൂപയിൽ നിന്നും നെയ്ത്തു കൂലിയിനത്തിൽ **43.5** കോടി രൂപയ്ക്ക് പരാമർശം**(3)** പ്രകാരം ഭരണാനുമതി നൽകുകയും പരാമർശ**(4)** & **(5)** ഉത്തരവുകൾ പ്രകാരം യഥാക്രമം **30** കോടി രൂപ, **13.5** കോടി രൂപ എന്നിങ്ങനെ തുകയ്ക്ക് റിലീസ് അനുമതി നൽകുകയും ചെയ്തിരുന്നു.

**(2)**പിന്നീട്, സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയ്ക്കായി **2024-**

25 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 2202-01-102-95(02) ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ ഭരണാനുമതിയും റിലീസ് അനുമതിയും നൽകിയതിൽ ബാക്കി നിന്നിരുന്ന 31.5 കോടി രൂപ പരാമർശം(6) പ്രകാരം ഭരണാനുമതിയും നൽകിയിരുന്നു.

(3) സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്കായി ചുവടെ ചേർക്കുന്ന ഘടകങ്ങൾക്കായി തുക അനുവദിച്ചു നൽകേണ്ടതുണ്ടെന്നും പദ്ധതിയുടെ അടിയന്തര സാഹചര്യം കണക്കിലെടുത്തു പദ്ധതിയ്ക്കായി റിലീസ് ചെയ്യുവാൻ ബാക്കി നിൽക്കുന്ന 31.50 കോടി രൂപയ്ക്ക് റിലീസ് അനുമതി നൽകണമെന്ന് സൂചന(7) പ്രകാരം കൈത്തറി ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

| ക്രമ നം. | ഇനം | അനുവദിച്ചു നൽകേണ്ട തുക(കോടി രൂപയിൽ) |
|---|---|---|
| 1 | നെയ്ത്തു കൂലി (2024 സെപ്റ്റംബർ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിലെ) | 13.50 |
| 2 | നൂലിന്റെ വില (സ്പിന്നിംഗ് മില്ലുകൾക്ക്) | 6.85 |
| 3 | ഡൈയിംഗ് ചാർജ്സ് | 7.50 |
| 4 | ഇൻസ്റ്റിറ്റ്യൂഷണൽ ചാർജ്സ് | 3.50 |
| 5 | ക്വാളിറ്റി കൺട്രോൾ ഇൻസ്പെക്ടർമാർക്കുള്ള വേതനം | 0.15 |
| | **ആകെ** | **31.50** |

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുടെ പ്രവർത്തനം സുഗമമായി നടക്കുന്നതിനായി,** പദ്ധതിയ്ക്കായി, നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ 2202-01-102-95(02)(പി) ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ റിലീസ് ചെയ്യുവാൻ ബാക്കി നിൽക്കുന്ന 31.5 കോടി രൂപയിൽ നിന്നും, മേൽ ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന ഘടകങ്ങളിൽ ഇൻസ്റ്റിറ്റ്യൂഷണൽ ചാർജ് ഒഴികെയുള്ള ഘടകങ്ങൾക്കായി **28,00,00,000/- രൂപ (ഇരുപത്തിയെട്ടു കോടി രൂപ മാത്രം)യ്ക്ക്** റിലീസ് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
കൈത്തറി ഡയറക്ടർ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ(എം) വകുപ്പ്
ധനകാര്യ (Education A)വകുപ്പ്
ധനകാര്യ (I&PW-A) വകുപ്പ്

ധനകാര്യ(Budget) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം
വിവര-പൊതുജനസമ്പർക്കവകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sreekumar R
സെക്ഷൻ ഓഫീസർ
Date: 11-03-2025 16:17:10

പകർപ്പ് - ബഹു.വ്യവസായവകുപ്പ് മന്ത്രിയുടെ പി.എസ്.ന്
വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്
വ്യവസായവകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്
വ്യവസായവകുപ്പ് അണ്ടർ സെക്രട്ടറിക്ക്